# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു വാട്ടർടാപ്പ് ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള തുക - അധിക നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2334**/2013/ത.സ്വ.ഭ.വ.    തിരുവനന്തപുരം, തീയതിഃ 13.09.2013.

---

പരാമർശംഃ-

1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.06.2012-ലെ സ.ഉ.(സാധാ.) നം. 1583/2012/ത.സ്വ.ഭ.വ.
2) ധനവകുപ്പിന്റെ 29.04.2013-ലെ സ.ഉ.(സാധാ.) നം. 3885/2013/ധന.
3) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.09.2011-ലെ സ.ഉ.(സാധാ.) നം. 2242/2011/ത.സ്വ.ഭ.വ.
4) കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 18.06.2013-ലെ കത്ത് നം. കെ.ഡബ്ല്യു.എ/എച്ച്.ഒ/ആർ.എം.സി./ആർ2/93/4 ഭാഗം 5.
5) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതുവാട്ടർ ടാപ്പ് ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശിക സംബന്ധിച്ച് 02.09.2013-ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

## <u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2013-14 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ ഏപ്രിൽ 2013 (ഒന്നാം ഗഡു)ലേക്കുള്ള വിഹിതത്തിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുവാനുണ്ടായിരുന്ന 2013 ഫെബ്രുവരി വരെയുള്ള വെള്ളക്കര കുടിശിക പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം കുറവ് ചെയ്ത് നൽകിയതിനുശേഷവും കേരള വാട്ടർ അതോറിറ്റി പരാമർശം നാലിലെ കത്തിൽ കുടിശിക തുക നൽകാനുണ്ടെന്നും അത് നൽകാനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്.

ഇക്കാര്യം വിശദമായ ചർച്ച ചെയ്ത പരാമർശം അഞ്ചിലെ യോഗ തീരുമാന പ്രകാരം ചുവടെപ്പറയുന്ന കാര്യങ്ങൾ ഉത്തരവാകുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കണക്കുകളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളും തമ്മിൽ പൊരുത്തക്കേടുകൾ നിലനിൽക്കുന്നു. അത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമായി പരാമർശം മൂന്നിലെ ഉത്തരവ് മുഖേന ഒരു സമിതി രൂപീകരിച്ചിരുന്നു. കൂടാതെ ''കുടിശിക നിർമാർജനം'' സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനായി പരാമർശം ഒന്നിലെ ഉത്തരവിലൂടെ നിർദ്ദേശങ്ങളും നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം കൈക്കൊണ്ട നടപടികളെ തുടർന്ന് കുടിശിക

നിർമ്മാർജ്ജനത്തിൽ ഇപ്പോഴുള്ള സ്ഥിതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട എൻജിനീയർമാരും തമ്മിൽ രേഖകളും കണക്കുകളും ഒത്തുനോക്കി ധാരണയിൽ എത്തേണ്ടതും ഇത്തരത്തിലുള്ള ആദ്യ റിക്കൺസിലിയേഷൻ യോഗം 30.09.2013-നകം ചേരേണ്ടതും തുടർന്ന് എല്ലാ മാസവും പതിനഞ്ചാം തീയതിക്ക് മുമ്പ് യോഗം ചേർന്ന് കുടിശിക നിവാരണം നടത്തി ബന്ധപ്പെട്ട വകുപ്പ് മേധാവികൾ മുഖേന (പരാമർശം മൂന്നിലെ ഉത്തരവിൽ രൂപീകരിച്ചിരിക്കുന്ന സമിതി) സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഈ ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്.)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (എല്ലാ നഗരസഭകൾക്കും ഈ ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്.)
മേയർ / സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷനുകൾ, തിരുവനന്തപുരം / കൊല്ലം / കൊച്ചി / തൃശ്ശൂർ / കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേമ്പർ, തിരുവനന്തപുരം.
പ്രസിഡന്റ് / സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ, പഞ്ചായത്ത് ഭവൻ, തിരുവനന്തപുരം.
ജലവിഭവ വകുപ്പ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.